29/5/2020

30/01/2020



സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

# ഹർജി നമ്പർ **AP No.389(4)/2015**/*എസ്.ഐ.സി.*

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നം.2501/*എസ്.ഐ.സി-ജി 2/2015*)

ശ്രീ. കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. കെ.എം. ബാലൻ,
പവിഴം, അടുത്തില പി.ഒ,
പഴയങ്ങാടി, കണ്ണൂർ- 670 303. } അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
അസിസ്റ്റന്റ് കമ്മീഷണർ (എൽ.ആർ),
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33.

2. അപ്പീൽ അധികാരി &
ജോയിന്റ് കമ്മീഷണർ,
ലാൻഡ് റവന്യൂ കമ്മീഷണറുടെ കാര്യാലയം,
പബ്ലിക് ഓഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33.

} എതിർകക്ഷികൾ

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ ചുഴലി വില്ലേജ് ഓഫീസർക്കെതിരെ 22.05.2014ൽ നൽകിയ പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ അറിയാൻ 28.08.2014 ൽ നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതു സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ കമ്മീഷൻ 27.03.2015 ൽ എതിർകക്ഷികൾക്ക് നോട്ടീസ് അയച്ചു. ഇതനുസരിച്ച് 27.03.2015 ന് ഒന്നാം എതിർകക്ഷി മറുപടി നൽകി.

3. അപ്പീൽ ഹർജിക്കാരൻ തേടിയ വിവരങ്ങൾക്കാധാരമായ പരാതി ഉത്തരമേഖലാ വിജിലൻസ് ഡപ്യൂട്ടി കളക്ടർക്ക് അന്വേഷണത്തിനും റിപ്പോർട്ടിനുമായി നൽകിയിട്ടുള്ളതാണെന്നും ടി വിവരം അപേക്ഷകനെ യഥാസമയം അറിയിച്ചിട്ടുള്ളതാണെന്നും റിപ്പോർട്ടിൽ പറഞ്ഞു.

4. ഇതിനുശേഷം കമ്മീഷൻ 16.01.2020 ൽ തിരുവനന്തപുരത്തെ ആസ്ഥാനത്ത് ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

5. അപ്പീൽ ഹർജിക്കാരന് യഥാസമയം മറുപടി നൽകിയിട്ടുള്ളതാണെന്നും നിലവിൽ ബന്ധപ്പെട്ട ഫയൽ LR.B8-37447/14 L Dis ആയി 22.12.2014 ന് തീർപ്പാക്കിയിട്ടുള്ളതാണെന്നും, ലാൻഡ് റവന്യൂ ജോയിന്റ് കമ്മീഷണറുടെ 06.01.2017 ലെ LRL1-45655/16 നമ്പർ നടപടിക്രമപ്രകാരം ടി ഫയൽ നശിപ്പിച്ചിട്ടുള്ളതാണെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ രേഖാമൂലം നൽകിയ മൊഴിയിൽ പറഞ്ഞു.

6. ഒന്നാം എതിർകക്ഷിയുടെ മൊഴിയും അനുബന്ധ രേഖകളും കമ്മീഷൻ വിശദമായി പരിശോധിച്ചു. ഇതിൽ നിന്ന് കമ്മീഷൻ താഴെ പറയുന്ന നിഗമനങ്ങളിൽ എത്തിച്ചേർന്നു.

7. അപ്പീൽ ഹർജിക്കാരന്റെ 28.08.2014 ലെ വിവരാവകാശ അപേക്ഷയ്ക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ 10.09.2014 ൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതാണ്. അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ നിന്നാണ് മറുപടി നൽകാൻ കഴിയുകയെന്നും, അതുകൊണ്ട് ടിയാന്റെ പരാതി ലാന്റ് റവന്യൂ കമ്മീഷണറേറ്റിലേയ്ക്ക് കൈമാറിയിട്ടുണ്ടെന്നും, മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

8. പിന്നീട് അപ്പീൽ ഹർജിക്കാരന്റെ 23.10.2014 ലെ ഒന്നാം അപ്പീലിന്റെ ഹിയറിംഗിനായി 26.11.2014 ന് ഹാജരാകാൻ നോട്ടീസ് അയച്ചെങ്കിലും

RIGHT TO INFORMATION

ടിയാൻ ഹാജരാകാതിരുന്നതിനെ തുടർന്ന്, അപ്പീൽ ഹർജിക്കാരനു നൽകിയ മറുപടി ഒരിക്കൽകൂടി ടിയാനു നൽകാൻ നിർദേശിച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കിയതായി രണ്ടാം എതിർകക്ഷിയുടെ 05.02.2014 ലെ ഉത്തരവിൽ പറയുന്നുണ്ട്.

9. എന്നാൽ 23.10.2014 ലെ അപ്പീൽ രണ്ടാം എതിർകക്ഷി തീർപ്പാക്കാൻ ഹിയറിംഗ് നോട്ടീസ് അയച്ചത് ഒരു മാസവും മൂന്നു ദിവസവും പിന്നിട്ടതിനുശേഷമാണ്. ഇത് ശരിയായ നടപടിയല്ല.

9. രണ്ടാം എതിർകക്ഷി ഒരുമാസത്തിനുള്ളിൽത്തന്നെ ഹിയറിംഗ് നടത്തി അപ്പീലിന്മേൽ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായിരുന്നു. ഇത് എന്തുകൊണ്ട് ചെയ്തില്ല എന്നതിനുള്ള വിശദീകരണം രണ്ടാം എതിർകക്ഷി കമ്മീഷനു നൽകേണ്ടതാണ്.

10. നിലവിൽ അപ്പീൽ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾക്ക് ആധാരമായ പരാതി അന്വേഷണത്തിനും റിപ്പോർട്ടിനുമായി ഉത്തരമേഖലാ വിജിലൻസ് ഡെപ്യൂട്ടി കളക്ടർക്ക് നൽകിയിട്ടുള്ളതാണെന്ന് എസ്.പി. ഐ.ഒ 27.03.2015 ന് കമ്മീഷനു നൽകിയ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള സാഹചര്യത്തിലും, നിയമപരമായ നടപടിക്രമങ്ങൾ പാലിച്ച് ബന്ധപ്പെട്ട ഫയൽ നശിപ്പിക്കപ്പെട്ടിട്ടുള്ളതിനാലും, അപ്പീൽ ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ തുടർ നടപടികൾ ആവശ്യമില്ലെന്ന് കമ്മീഷൻ കരുതുന്നു. അതിന്റെ അടിസ്ഥാനത്തിൽ അപ്പീൽ ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേദിവസം 30.01.2020 ന് ഉത്തരവാകുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION KERALA THIRUVANANTHAPURAM

re